(1844) മാതുച്ചാൽ കൊണ്ടഴിഞ്ഞാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ മാതുച്ചാൽ കൊണ്ടഴിഞ്ഞാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുള്ള പൈപ്പ് ഇടൽ കഴിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പമ്പ് ഹൗസ് മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) സർക്കാർ നേരത്തെ വ്യക്തമാക്കിയിരുന്ന പ്രകാരം രണ്ടായിരാമാണ്ട് മാർച്ചിൽ പണി പൂർത്തിയാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പമ്പ് ഹൗസിനുള്ള എസ്റ്റിമേറ്റ് 1.7.99 ലെ പുതുക്കിയ നിരക്കനുസരിച്ച് തയ്യാറാക്കിവരുന്നു. പമ്പ് സെറ്റിന്റെ ഡിസൈൻ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് പമ്പും മോട്ടോറും വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ പദ്ധതിയുടെ പി.വി.സി. പൈപ്പുലൈൻ ഇടുന്ന പണി പൂർത്തിയാക്കിയിട്ടുണ്ട്. രണ്ട് പമ്പ് ഹൗസ് ലീഡിംഗ് ചാനൽ എന്നിവയുടെ പണികൾ നടത്തുന്നതിനാവശ്യമായ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ബാക്കി പണികൾ പൂർത്തിയാക്കുന്നതിനും പമ്പ്, മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച്, വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

(1845) വർക്കല മൈനർ ഇറിഗേഷൻ പണികൾ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ സ്കീമിലുൾപ്പെടുത്തി വർക്കല നിയോജക മണ്ഡലത്തിൽ പണി നടത്തിവരുന്ന സ്കീമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മൈനർ ഇറിഗേഷന്റെ ഏതൊക്കെ പണികൾ നടത്താൻ അനുവാദം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെമ്മരുതി പഞ്ചായത്തിലെ മുത്താനഏലാതോടിന്റെ പുനരുദ്ധാരണവും ക്രോസ്ബാറിന്റെ പണികളും, നടത്തോട് ഏലായിലെ (പുന്നയ്ക്കാട്) ക്രോസ് ബാറിന്റെയും ലീഡിംഗ് ചാനലിന്റെയും പണികൾ.

(ബി) അനുവാദം ലഭിച്ചിട്ടുള്ള പണികൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly